വനഭൂമിയുടെ വിസ്തീർണ്ണം

84 [571] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്ന് നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ ആകെ എത്ര വനഭൂമിയുണ്ടായിരുന്നു എന്നും ഇപ്പോൾ എത്ര വനഭൂമിയുണ്ട് എന്നും വ്യക്തമാക്കാമോ;

(സി) വനഭൂമി ആർക്കെങ്കിലും പതിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്ക് എന്തിനായിരുന്നു എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വനഭൂമിയുടെ വിസ്തീർണ്ണം 11264.52 ച. കി. മീറ്റർ ആണ്.

(ബി) വനവിസ്തൃതി സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു:

2000-2001—11152.08 ച. കി. മീറ്റർ

2003-2004—11264.52 ച. കി. മീറ്റർ

(സി) 7.022 ച. കി. മീറ്റർ വനഭൂമി, റവന്യൂ വകുപ്പ് ഈയിടെ ആദിവാസികൾക്ക് പതിച്ചു നൽകിയിട്ടുണ്ട്. അതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

വനഭൂമിയുടെ പാട്ടത്തുക

85 [573] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമിയുടെ പാട്ടത്തുക വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വനഭൂമിയുടെ പാട്ടം ഇനത്തിൽ എത്ര കോടി രൂപയാണ് പ്രതിവർഷം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. പാട്ടത്തുക പുതുക്കുന്നതിനായി 1980-ൽ നിലവിൽ വന്ന നിയമം 1999-ൽ ഭേദഗതി വരുത്തി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പാട്ടത്തുക മിക്കതും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കിട്ടാനുള്ളവയാണ്. ആയത് കുടിശ്ശികയിനത്തിലായതിനാൽ പ്രതിവർഷം ഏകദേശം 35 ലക്ഷം രൂപ മാത്രമെ ലഭിക്കുന്നുള്ളൂ.

(സി) ഉണ്ട്. കുടിശ്ശികയിൽ ഏറിയ പങ്കും പൊതുമേഖലാ സ്ഥാപനങ്ങൾ, ഇതര സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നുമാണ് ലഭിക്കുവാനുള്ളത്. ഈ സ്ഥാപനങ്ങളുടെ തലവൻമാർ ഉൾപ്പെട്ട ഉന്നതതല മീറ്റിംഗ് കൂടി കുടിശ്ശിക പിരിച്ചെടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly